തിരുവിതാംകൂർ ദേവസ്വം ബോർഡ്

"സ്വാമി ശരണം"

ഡി.എ.നം.49/2026/ഇ.3

ദേവസ്വം അക്കൗണ്ട്സ് ആഫീസ്
തിരുവനന്തപുരം
തീയതി: 22/01/2026

സർക്കുലർ

സൂചന:- 2025-26 സാമ്പത്തിക വർഷത്തെ ആദായ നികുതി ഈടാക്കുന്നത് സംബന്ധിച്ച് ഈ ആഫീസ് ഇന്നേ ദിവസം പുറപ്പെടുവിച്ച സമാന നമ്പറിലുള്ള സർക്കുലർ.

തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാരിൽ/പെൻഷൻകാരിൽ 2025-26 സാമ്പത്തിക വർഷം ആകെ വരുമാനം 2,50,000/-രൂപയിൽ അധികമുള്ളവർ ഈ ആഫീസിലെ ഇതേ നമ്പറിൽ ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ **(www.travancoredevaswomboard.org)** പ്രസിദ്ധീകരിച്ചിട്ടുള്ള സർക്കുലറിനൊപ്പമുള്ള **"proforma"**-യിൽ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി പാൻകാർഡിന്റെ പകർപ്പ് സഹിതം 10/02/2026-ന് മുൻപായി ബന്ധപ്പെട്ട ആഫീസുകളിൽ (ജീവനക്കാരുടേത് ശമ്പളം ചെലവെഴുതുന്ന ആഫീസ് മേധാവിക്കും പെൻഷൻകാരുടേത് ദേവസ്വം അക്കൗണ്ട്സ് ആഫീസർക്കും) സമർപ്പിക്കേണ്ടതാണ്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ പ്രസ്തുത സർക്കുലറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ദേവസ്വം അക്കൗണ്ട്സ് ആഫീസർ

പകർപ്പ്:-

1) എല്ലാ ആഫീസ് മേധാവികൾക്കും
2) ഐ.റ്റി.സെക്ഷൻ, തിരുവിതാംകൂർ ദേവസ്വം ബോർഡ്.
3) പി.ആർ.ഒ, തിരുവിതാംകൂർ ദേവസ്വം ബോർഡ് (പ്രസിദ്ധീകരിക്കുന്നതിനായി)
4) സെക്ഷൻ ഫയൽ.

S.22.01.2026

തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട്, തിരുവനന്തപുരം

സർക്കുലർ

തീയതി: .01.2026

ഡി.എ.നം. 49/2026/ഇ3

വിഷയം: 2025-26 സാമ്പത്തിക വർഷത്തെ (2026-27 അസസ്മെന്റ് വർഷം) ഇൻകം ടാക്സ് ഈടാക്കൽ/ഒടുക്കുവരുത്തൽ സംബന്ധിച്ച്

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ/ജീവനക്കാർ 2025-26 വർഷം 2,50,000/- രൂപയ്ക്ക് മുകളിൽ വരുമാനമുള്ള പക്ഷം പ്രസ്തുത സാമ്പത്തിക വർഷത്തെ (2026-27 അസസ്മെന്റ് വർഷം) ഇൻകം ടാക്സ് ഒടുക്കു വരുത്തുവാൻ ബാദ്ധ്യസ്ഥരാണ്. ചട്ടപ്രകാരമുള്ള ടാക്സ് ഈടാക്കുന്നത് സംബന്ധിച്ചുള്ള മാർഗ്ഗരേഖ ചുവടെ ചേർക്കുന്നു.

01.04.2025 മുതൽ 31.03.2026 വരെയുള്ള മൊത്തം വരുമാനവും കണക്കിലെടുത്തുകൊണ്ടുവേണം വാർഷിക വരുമാനം കണക്കാക്കേണ്ടത്. ഫെബ്രുവരി മാസത്തെ ശമ്പളം വരെ ലഭിച്ചിട്ടുള്ള വരവാണ് പരിഗണിക്കുന്നതെങ്കിലും 31.03.2026 വരെ വരവ് പ്രതീക്ഷിക്കുന്ന തുകയും കൂടി വാർഷിക വരവിൽ ഉൾപ്പെടുത്തേണ്ടതാണ്. ആർജ്ജിതാവധിയുടെ സറണ്ടർ, ഫെസ്റ്റിവൽ അലവൻസ്, ബോണസ്,ശമ്പളപരിഷ്കാര കുടിശ്ശിക, ക്ഷാമബത്ത കുടിശ്ശിക എന്നിവ ഉൾപ്പെടെ മുഴുവൻ വരുമാനവും ഉൾപ്പെടുത്തിയാണ് വാർഷിക വരുമാനം കണക്കാക്കേണ്ടത്. കൂടാതെ ഏൺഡ് ലീവ് സറണ്ടർ/ഡി.എ.കുടിശ്ശിക/ശമ്പള പരിഷ്കരണ കുടിശ്ശിക തുടങ്ങിയവകൾ പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിച്ചാലും മൊത്ത വരുമാനത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

വാടകവീട്ടിൽ താമസിക്കുന്ന ജീവനക്കാർ യഥാർത്ഥത്തിൽ ഈ വർഷം അവർക്ക് ലഭിച്ചിട്ടുള്ള വീട്ടുവാടകബത്ത, അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും ചേർന്നുള്ള തുകയുടെ 10 ശതമാനത്തിൽ കൂടുതലായി നൽകിയ വീട്ടുവാടക, അടിസ്ഥാന ശമ്പളവും ക്ഷാമബത്തയും ചേർന്നുള്ള തുകയുടെ 40 ശതമാനം ഇവയിൽ ഏതാണോ കുറവ് ആയത് വാർഷിക വരുമാനത്തിൽനിന്ന് കുറവു ചെയ്യാവുന്നതാണ്. ആയതിലേക്ക് പ്രതിമാസം 5000/-രൂപയിൽ കൂടുതൽ വീട്ടുവാടക നൽകിയിട്ടുള്ളപക്ഷം വാടകയുടെ

രസീത്, ഒരു വർഷം 1,00,000/- രൂപയിൽ കൂടുതൽ വാടക കൊടുത്തിട്ടുള്ള പക്ഷം വീട്ടുടമയുടെ പാൻകാർഡിന്റെ പകർപ്പും ഹാജരാക്കേണ്ടതാണ്.

50,000/-രൂപ സ്റ്റാന്റേർഡ് കിഴിവ് അനുവദനീയവും കൂടാതെ, തൊഴിൽകരം ഇനത്തിൽ അടച്ചിട്ടുള്ള തുക കുറവുചെയ്യാവുന്നതുമാണ്.

01.04.1999 മുതൽ എടുത്തിട്ടുള്ള ലോണുകളിന്മേലുള്ള 2,00,000/-രൂപ വരെയുള്ള പലിശയും മൊത്ത വരുമാനത്തിൽ നിന്നും കുറവു ചെയ്യാവുന്നതാണ്.

2016-17 കാലയളവിൽ താമസത്തിന് പുതുതായി നിർമ്മിച്ച ആദ്യ വീടിനു വേണ്ടിയുള്ള വായ്പാതുക 35,00,000/-ലക്ഷവും, വീടിന്റെ മൂല്യം 50,00,000/-രൂപയിൽ കവിയാതിരിക്കുന്നപക്ഷം സെക്ഷൻ 80(ഇ)(ഇ) പ്രകാരം പലിശയിനത്തിലുള്ള ചിലവ് 50,000/-രൂപ വരെ വരുമാനത്തിൽ നിന്നും കുറവു ചെയ്യാവുന്നതാണ്.

2019 മുതൽ 31.03.2022 വരെയുള്ള കാലയളവിൽ താമസത്തിന് പുതുതായി നിർമ്മിച്ച ആദ്യ വീടിന്റെ മൂല്യം 45 ലക്ഷം രൂപയിൽ കവിയാതിരിക്കുന്ന പക്ഷം സെക്ഷൻ 80(ഇ)(ഇ) (എ) പ്രകാരം പലിശയിനത്തിലുള്ള ചെലവ് 1,50,000/- രൂപ വരെ വരുമാനത്തിൽ നിന്നും കുറവ് ചെയ്യാവുന്ന-താണ്.

രൊക്കം പണമല്ലാതെ കുടുംബത്തിനു വേണ്ടി സ്വീകരിച്ചിട്ടുള്ള മെഡിക്ലെയിം തുക 25,000/- രൂപയിൽ കവിയാതെ കുറവു ചെയ്യാവുന്നതാണ്. മുതിർന്ന പൗരന്മാരായ കുടുംബാംഗങ്ങൾക്ക് വേണ്ടിയുള്ളത് 50,000/- രൂപ വരെ കുറവ് ചെയ്യാവുന്നതാണ്. അംഗവൈകല്യമുള്ള ജീവനക്കാരുടെ വരുമാനത്തിൽ നിന്നും 75,000/- രൂപ കുറവു ചെയ്യാവുന്നതാണ്. അംഗ/മാനസിക പരിമിതിയുള്ള ആശ്രിതരുള്ളപക്ഷം അവർക്ക് ചിലവായിട്ടുള്ള 1,00,000/- വരെയുള്ള തുക വരവിൽ നിന്ന് കുറവ് ചെയ്യാവുന്നതാണ്. ഈ ആനുകൂല്യങ്ങൾ ലഭിക്കുന്ന തിനായി മെഡിക്കൽ ആഫീസറുടെ സർട്ടിഫിക്കറ്റോ, സർവ്വീസ് ബുക്കിൽ

രേഖപ്പെടുത്തിയിട്ടുള്ളതിന്റെ പകർപ്പോ ഹാജരാക്കേണ്ടതാണ്. അർബുദം, എയിഡ്സ് മുതലായ നിർദ്ദിഷ്ട അസുഖങ്ങൾക്ക് ആശ്രിതർക്ക് വേണ്ടി ചിലവാക്കിയിട്ടുള്ള തുകയിൽ 40000/- രൂപ വരെ ഇളവ് അനുവദനീയമാണ്. (മുതിർന്ന പൗരന്മാരുടെ കാര്യത്തിൽ 1 ലക്ഷം രൂപ വരെ)

മക്കളുടെ ഉന്നത വിദ്യാഭ്യാസത്തിനായി എടുത്തിട്ടുള്ള വായ്പയിന്മേലുള്ള പലിശ പൂർണ്ണമായും കുറവു ചെയ്യാവുന്നതാണ്.

പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ട്, കേരള സംസ്ഥാന പ്രളയ ദുരിതാശ്വാസ ഫണ്ട് എന്നിവയിലേക്ക് നൽകിയിട്ടുള്ള മുഴുവൻ തുകയും മൊത്ത വരുമാനത്തിൽ നിന്ന് കുറവുചെയ്യാവുന്നതാണ്. എന്നാൽ 2000/-രൂപയ്ക്ക് മുകളിലുള്ള സംഭാവന രൊക്കം പണമായി നൽകിയിട്ടുള്ള പക്ഷം ആയതിന് ഈ ഇളവ് അനുവദനീയമല്ല.

സെക്ഷൻ 80 (സി) പ്രകാരം പരമാവധി 150000/-രൂപ വരെ ഒരു സാമ്പത്തിക വർഷം ഇളവനുവദിച്ചിട്ടുള്ളതാണ്. ഈ വിഭാഗത്തിൽപ്പെടുന്ന പ്രോവിഡന്റ് ഫണ്ടിലേക്കുള്ള വരിസംഖ്യ, ഇൻഷുറൻസ് തുക (ആശ്രിതരായ കുട്ടികൾക്കും ബാധകമാണ്), അഞ്ചുവർഷത്തിൽ കുറയാതെയുള്ള ഷെഡ്യൂൾഡ് ബാങ്കിൽ/പോസ്റ്റോഫീസിൽ നിക്ഷേപിക്കുന്ന സ്ഥിരനിക്ഷേപം, മക്കളുടെ (പരമാവധി രണ്ടുപേർ) ട്യൂഷൻ ഫീസ്, വീടിനുവേണ്ടി എടുത്തിട്ടുള്ള വായ്പയുടെ ഗഡു തുക തുടങ്ങിയവ വരവിൽ നിന്നും കുറവു വരുത്താവുന്നതാണ്.

ഇതിനു പുറമേ ദേശീയ പെൻഷൻ സ്കീമിലേക്കുള്ള നിക്ഷേപത്തിന് 50,000/- രൂപ വരെ ഇളവ് അനുവദനീയമാണ്. 80(സി) പ്രകാരമുള്ള പരമാവധി ഒന്നര ലക്ഷം രൂപയ്ക്ക് പുറമെയാണ് ഈ സൗജന്യം നിലവിലുള്ളത്.

ഇപ്രകാരമുള്ള കിഴിവുകൾ പരിഗണിച്ചശേഷം ടാക്സിന് പരിഗണിക്കേണ്ട തുക കണ്ടെത്തേണ്ടതും ചട്ടപ്രകാരമുള്ള ഇൻകം ടാക്സ് ഈടാക്കേണ്ടതുമാണ്. മേൽപ്പറഞ്ഞ കിഴിവുകൾ Table A (old scheme) പ്രകാരമുള്ള സ്ലാബുകൾ തിരഞ്ഞെടുക്കുന്നവർക്ക് മാത്രമേ ബാധകമാവുകയുള്ളൂ.

Table- B (new scheme) തിരഞ്ഞെടുക്കുമ്പോൾ സ്റ്റാൻഡേർഡ് ഡിഡക്ഷൻ 75,000/- രൂപയും എൻ.പി.എസ് എംപ്ലോയർ വിഹിതവും മാത്രമേ കിഴിവായി ലഭിക്കുകയുള്ളൂ. മറ്റ് യാതൊരുവിധ കിഴിവുകളും Table- B (new scheme) തിരഞ്ഞെടുക്കുന്നവർക്ക് ബാധകമല്ലായെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ടാക്സ് സ്ലാബുകൾ ചുവടെ ചേർക്കുന്നു.

Table -A

1. ആകെ വരുമാനം 2.50 ലക്ഷം രൂപ വരെ	1) ടാക്സ് ഇല്ല.
2. ആകെ വരുമാനം 2.50 ലക്ഷത്തിന് മുകളിൽ 5 ലക്ഷം വരെ	2) 2.50 ലക്ഷത്തിൽ കൂടുതലുള്ള തുകയുടെ 5%
3. ആകെ വരുമാനം 5 ലക്ഷത്തിന് മുകളിൽ 10 ലക്ഷം വരെ	3) 12,500+5 ലക്ഷത്തിൽ കൂടുതലായ തുകയുടെ 20 %
4. ആകെ വരുമാനം 10 ലക്ഷത്തിന് മുകളിൽ	4) 1,12,500 + 10 ലക്ഷത്തിന് മുകളിലുള്ള തുകയുടെ 30%

Table -B

1.	ആകെ വരുമാനം 4 ലക്ഷം രൂപ വരെ	ടാക്സ് ഇല്ല.
2.	ആകെ വരുമാനം 4 ലക്ഷത്തിന് മുകളിൽ 8 ലക്ഷം വരെ	4 ലക്ഷത്തിൽ കൂടുതലുള്ള തുകയുടെ 5%
3.	ആകെ വരുമാനം 8 ലക്ഷത്തിന് മുകളിൽ 12 ലക്ഷം വരെ	20000+8 ലക്ഷത്തിൽ കൂടുതലായ തുകയുടെ 10 %
4.	ആകെ വരുമാനം 12 ലക്ഷത്തിന് മുകളിൽ 16 ലക്ഷം വരെ	60000+12 ലക്ഷത്തിൽ കൂടുതലുള്ള തുകയുടെ 15%
5.	ആകെ വരുമാനം 16 ലക്ഷത്തിന് മുകളിൽ 20 ലക്ഷം വരെ	120000+ 16 ലക്ഷത്തിൽ കൂടുതലുള്ള തുകയുടെ 20%
6.	ആകെ വരുമാനം 20 ലക്ഷത്തിന് മുകളിൽ 24 ലക്ഷം വരെ	200000+20 ലക്ഷത്തിൽ കൂടുതലുള്ള തുകയുടെ 25%
7.	ആകെ വരുമാനം 24 ലക്ഷത്തിന് മുകളിൽ	3,00,000+24 ലക്ഷത്തിൽ കൂടുതലുള്ള തുകയുടെ 30%

ടേബിൾ-എ പ്രകാരം ടാക്സ് കണക്കാക്കുന്നവരുടെ വരുമാനം 5,00,000/-രൂപ വരെയുള്ള ജീവനക്കാർക്ക് 12,500/-രൂപാ വരെയും ടേബിൾ ബി പ്രകാരം കണക്കാക്കുമ്പോൾ വരുമാനം 12 ലക്ഷം രൂപയിൽ താഴെ ആണെങ്കിൽ 60,000/-രൂപാ വരെയും സെക്ഷൻ 87(എ) പ്രകാരം റിബേറ്റായി അനുവദനീയമാണ്. 50 ലക്ഷം മുതൽ ഒരു കോടി രൂപവരെയുള്ള വരുമാനക്കാരിൽ നിന്ന് ഇൻകം ടാക്സിന്റെ 10% സർചാർജ്ജായി ഈടാക്കേണ്ടതാണ്.

മുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ലാബിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തുന്ന ഇൻകം ടാക്സിന്റെ 4 ശതമാനം ആരോഗ്യ-വിദ്യാഭ്യാസ സെസ്സ് കണക്കാക്കി ആയതുകൂടി ഈടാക്കപ്പെടേണ്ടതാണ്. ജനുവരി 2026 ലെ ശമ്പളം വരെ ഈടാക്കിയിട്ടുള്ള ഇൻകം ടാക്സ് തുകയെക്കാൾ കൂടുതലുള്ള തുക ഫെബ്രുവരി 2026-ലെ ശമ്പളത്തിൽ നിന്ന് കുറവുചെയ്ത് ഒടുക്കു വരുത്തേണ്ടതാണ്.

സെസ്സ് കണക്കാക്കി ആയതുകൂടി ഈടാക്കപ്പെടേണ്ടതാണ്. ജനുവരി 2026 ലെ ശമ്പളം വരെ ഈടാക്കിയിട്ടുള്ള ഇൻകം ടാക്സ് തുകയെക്കാൾ കൂടുതലുള്ള തുക ഫെബ്രുവരി 2026-ലെ ശമ്പളത്തിൽ നിന്ന് കുറവുചെയ്ത് ഒടുക്കു വരുത്തേണ്ടതാണ്.

പെൻഷൻകാർ

ദേവസ്വം ബോർഡിൽ നിന്നും പെൻഷൻപറ്റി പിരിഞ്ഞ ജീവനക്കാരുടെ ഇൻകംടാക്സ് കണ്ടെത്തുന്നതും മുകളിൽ വിവരിച്ചിട്ടുള്ള മാർഗ്ഗരേഖകളുടെ അടിസ്ഥാനത്തിലാണ്. ജീവനക്കാരെ പോലെ തന്നെ പെൻഷൻകാരുടെയും ടാക്സ് സ്ലാബുകൾ മുകളിൽ പ്രതിപാദിച്ച ക്രമത്തിലാണ് കണക്കാക്കേണ്ടത്.

01.04.2025-ന് 60 വയസ്സ് പൂർത്തിയായിട്ടുള്ള പെൻഷൻകാരിൽ Table -A (old scheme) പ്രകാരം മൂന്നു ലക്ഷം രൂപവരെ വരുമാനമുള്ളവർക്ക് ടാക്സ് ബാധകമല്ല. 80 വയസ്സ് പൂർത്തിയായ പെൻഷൻകാർക്ക് അഞ്ചു ലക്ഷം രൂപ വരെ വരുമാനം ഉള്ളപക്ഷം ടാക്സ് ഒടുക്കുവാൻ ബാദ്ധ്യതയില്ലാത്തതാണ്. Table- B (new scheme) തിരഞ്ഞെടുക്കുന്നവർക്ക് സ്റ്റാർഡേർഡ് ഡിഡക്ഷൻ 75,000/-രൂപ മാത്രമേ കിഴിവായി ലഭിക്കുകയുള്ളൂ.

മാതൃകാ ഇൻകം ടാക്സ് സ്റ്റേറ്റ്മെന്റ് ഫോറം ഇതോടൊപ്പം ചേർക്കുന്നു.

ഇൻകം ടാക്സ് ചട്ടങ്ങളുടെ പൂർണ്ണമായ രൂപം ഈ സർക്കുലറിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇൻകംടാക്സ് കണക്കാക്കുന്നതിനും ഈടാക്കുന്നതിനും ഒടുക്കുന്നതിനുമായി ലഭ്യമായ മാർഗ്ഗരേഖ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അതിനാൽ ആദായനികുതി വകുപ്പിന്റെ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും കൂടി കൃത്യമായി പരിശോധിച്ച് നികുതി തിട്ടപ്പെടുത്തി നൽകേണ്ടതാണ്.

ദേവസ്വം അക്കൗണ്ട്സ് ആഫീസർ

പകർപ്പ്:

1. എല്ലാ ആഫീസ് മേധാവികൾക്കും
2. ഐ.റ്റി.സെക്ഷൻ തിരുവിതാംകൂർ ദേവസ്വം ബോർഡ്
3. പി.ആർ.ഒ- തിരുവിതാംകൂർ ദേവസ്വം ബോർഡ് (പ്രസിദ്ധീകരിക്കുന്നതിനായി)

INCOME TAX STATEMENT FOR THE FINANCIAL YEAR 2025-2026

NEW SCHEME **PAN No.:**

(Assessment Year 2026 - 2027)

In respect of Sri / Smt ______________________________ PEN No.____________________

to be furnished by the employees / officers whose income exceeds Rs. 4,00,000/-

1 a	Gross Salary Income (includes Salary, DA, HRA, CCA, Interim Relief, OT Allowance, Deputation Allowance, Medical Allowance, etc.)		
	March 2025	:	
	April 2025	:	
	May 2025	:	
	June 2025	:	
	July 2025	:	
	August 2025	:	
	September 2025	:	
	October 2025	:	
	November 2025	:	
	December 2025	:	
	January 2026	:	
	February 2026	:	
b	Leave Surrender	:	
c	Festival Allowance /Bonus/Ex-gratia and Incentive	:	
d	Pay Revision Arrears	:	
e	Total Salary Income (a + b + c + d)	:	
2	Deduct		
	Standard Deduction (Rs. 75,000/-)	:	
3	Net Salary Income (1-2)	:	
4	Any other income (70% of Rental Income less Building Tax and interest on building loan), Business- Capital Gains, Interest Income, etc.)	:	
5	Gross Total Income (3 + 4)	:	
6	Deduction under Chapter VI-A:		
	a Central/State Government or other employers contribution upto 14% of salary of employees to the National Pension Scheme (NPS) and Atal Pension Yojana (APY) - u/s 80CCD (2)	:	
	b Central Government contribution to the Agniveer Corpus Fund under Agnipath Schme	:	
	Total (a) & (b)	:	

SUKUMAR

7	Total Income rounded off to nearest multiple of ten rupees (5-6)	:
8	Tax on Total Income *(See Tax Table)*	:
9	Less: Rebate under Sec. 87A (Rs.60,000/- applicable for individuals having total income not exceeding Rs. 12 lakhs)	:
10	Income tax after Rebate (8-9)	:
11	Surcharge if total income exceeds Rs. 50 lakhs	:
	Total Income above Rs. 50.00 lakhs upto Rs. 1.00 crore - 10% of (10)	:
	Total Income above Rs. 1.00 crore upto Rs. 2.00 crores - 15% of (10)	:
	Total Income above Rs. 2.00 crores - 25% of (10)	:
12	Total Tax Payable (10 +11)	:
13	Health & Education Cess [@ 4% of (12)]	:
14	Less: Relief for arrears of salary u/s. 89(1)	:
15	Balance Tax Payable (12+13-14)	:
16	Amount of Tax already deducted from Salary	:
17	Balance Income Tax to be paid	:

Place: Signature :

Date: Name :

Designation & Office:

Countersigned:

TAX TABLE:

Total Income up to Rs. 4.00 lakhs - nil

Total Income exceeds Rs. 4.00 lakhs & lessthan Rs. 8.00 lakhs - 5% of Total Income in excess of Rs. 4.00 lakhs

Total Income exceeds Rs. 8.00 lakhs & lessthan Rs. 12.00 lakhs - Rs. 20,000 plus 10% of Total Income in excess of Rs. 8.00 lakhs

Total Income exceeds Rs. 12.00 lakhs & lessthan Rs. 16.00 lakhs - Rs. 60,000 plus 15% of Total Income in excess of Rs. 12.00 lakhs

Total Income exceeds Rs. 16.00 lakhs & lessthan Rs. 20.00 lakhs - Rs.1,20,000 plus 20% of Total Income in excess of Rs. 16.00 lakhs

Total Income exceeds Rs. 20.00 lakhs & lessthan Rs. 24.00 lakhs - Rs.2,00,000 plus 25% of Total Income in excess of Rs. 20.00 lakhs

Total Income exceeds Rs. 24.00 lakhs - Rs. 3,00,000 plus 30% of Total Income in excess of Rs. 24.00 lakhs

NOTE ON DECLARATION

Salaried employees have the opportunity to submit a declaration to their employer specifying their preferred tax regime.

The **new tax regime** is the **default option** if an employee doesn't provide a choice. Based on the employee's selection, the employer deducts tax at source (TDS) from their salary **throughout the year according to the chosen tax slab.**

Employees can opt for either regime (Old or New) based on their preferences and financial situation. However, once an employee selects a particular regime for a financial year, **it cannot be changed** during that year. You **can still change your tax regime while filing your income tax return (ITR)**, regardless of what you opted for with your employer. Simply choose your preferred regime (old or new) within the ITR form itself. It's wise to evaluate both regimes (considering your deductions) before finalising your choice while filing the ITR.

INCOME TAX STATEMENT FOR PENSIONERS THE FINANCIAL YEAR 2025-2026

NEW SCHEME PAN No.:

(Assessment Year 2026 - 2027)

In respect of Sri / Smt ________________________ PPO No.__________

to be furnished to the Treasury /Bank whose income exceeds Rs. 4,00,000/-

1	a	Gross Pension Income *(Strike off the month not considered)*		
		March/April	2025	:
		April/May	2025	:
		May/June	2025	:
		June /July	2025	:
		July /August	2025	:
		August/September	2025	:
		September /October	2025	:
		October/ November	2025	:
		November/December	2025	:
		December 2025 /January 2026		:
		January/ February	2026	:
		February/March	2026	:
	b	Medical Allowance		:
	c	Festival Allowance /Bonus/Ex-gratia and Incentive		:
	d	Pay Revision Arrears		:
	e	Total Pension Income (a + b + c + d)		:
2		Deduct		
		Standard Deduction (Rs. 75,000/-)		:
3		Net Pension Income (1-2)		:
4		Any other income (70% of Rental Income less Building Tax and interest on building loan), Business, Capital Gains, Interest Income, Family Pension etc.)		:
5		Gross Total Income (3 + 4)		:
6		Deduct:		
		a Central/State Government or other employers contribution upto 14% of salary of employees to the National Pension Scheme (NPS) and Atal Pension Yojana (APY) - u/s 80CCD (2)		:
		b Central Government contribution to the Agniveer Corpus Fund under Agnipath Scheme		:
		c Deduction for family pension [Rs. 15000/- or 33.33% of family pension whichever is less]		:
		Total (a) & (c)		:

SUKUMAR

7	Total Income rounded off to nearest multiple of ten rupees (5-6)	:
8	Tax on Total Income *(See Tax Table)*	:
9	Less: Rebate under Sec. 87A (Rs.60,000/- applicable for individuals having total income not exceeding Rs. 12 lakhs)	:
10	Income tax after Rebate (8-9)	:
11	Surcharge if total income exceeds Rs. 50 lakhs	:
	Total Income above Rs. 50.00 lakhs upto Rs. 1.00 crore - 10% of (10)	:
	Total Income above Rs. 1.00 crore upto Rs. 2.00 crores - 15% of (10)	:
	Total Income above Rs. 2.00 crores - 25% of (10)	:
12	Total Tax Payable (10 +11)	:
13	Health & Education Cess [@ 4% of (12)]	:
14	Less: Relief for arrears of salary u/s. 89(1)	:
15	Balance Tax Payable (12+13-14)	:
16	Amount of Tax already deducted from Pension	:
17	Balance Income Tax to be paid	:

Place: Signature :

Date: Name:

TAX TABLE:

Total Income up to Rs. 4.00 lakhs - nil

Total Income exceeds Rs. 4.00 lakhs & lessthan Rs. 8.00 lakhs - 5% of Total Income in excess of Rs. 4.00 lakhs

Total Income exceeds Rs. 8.00 lakhs & lessthan Rs. 12.00 lakhs - Rs. 20,000 plus 10% of Total Income in excess of Rs. 8.00 lakhs

Total Income exceeds Rs. 12.00 lakhs & lessthan Rs. 16.00 lakhs - Rs. 60,000 plus 15% of Total Income in excess of Rs. 12.00 lakhs

Total Income exceeds Rs. 16.00 lakhs & lessthan Rs. 20.00 lakhs - Rs.1,20,000 plus 20% of Total Income in excess of Rs. 16.00 lakhs

Total Income exceeds Rs. 20.00 lakhs & lessthan Rs. 24.00 lakhs - Rs.2,00,000 plus 25% of Total Income in excess of Rs. 20.00 lakhs

Total Income exceeds Rs. 24.00 lakhs - Rs. 3,00,000 plus 30% of Total Income in excess of Rs. 24.00 lakhs

NOTE ON DECLARATION

Salaried employees have the opportunity to submit a declaration to their employer specifying their preferred tax regime.

The **new tax regime is the default option** if an employee doesn't provide a choice. Based on the employee's selection, the employer deducts tax at source (TDS) from their salary **throughout the year according to the chosen tax slab.**

Employees can opt for either regime (Old or New) based on their preferences and financial situation. However, once an employee selects a particular regime for a financial year, **it cannot be changed during that year.** You **can still change your tax regime while filing your income tax return (ITR)**, regardless of what you opted for with your employer. Simply choose your preferred regime (old or new) within the ITR form itself. It's wise to evaluate both regimes (considering your deductions) before finalising your choice while filing the ITR.